2010 മാർച്ച് 12 വെള്ളി

ഫ്ലാഷ്

PAGE 03

www.kaumudiflash.com

സുഷമസ്വരാജ്:
വനിതസംവരണബിൽ വിഷയത്തിൽ ബി.ജെ.പിയിൽ ഏകാഭിപ്രായമല്ല.വ്യക്തിപരമായി ബില്ലിനോട് എതിർപ്പുള്ള പാർട്ടി എം.പിമാരും ലോക്സഭയിൽ പാർട്ടിനിലപാട് അനുസരിച്ച് ബില്ലിനെ പിന്തുണയ്ക്കും. ബിൽ പാസാക്കാൻ രാജ്യസഭയ്ക്കുള്ളിൽ അരങ്ങേറിയ ബലപ്രയോഗം ലോക്സഭയിൽ അനുവദിക്കില്ല.

കോടിയേരി:
കുത്തകകൾക്കും കോർപ്പറേറ്റുകൾക്കും വേണ്ടിയുള്ള ഭരണമാണ് യു.പി.എ സർക്കാരിന്റേത്. നിത്യോപയോഗസാധനങ്ങളുടെ വില വർധിപ്പിച്ച കേന്ദ്രം കോർപ്പറേറ്റുകൾക്ക് ഒരു മണിക്കൂറിൽ നൽകുന്നത് ഒരു കോടി രൂപയുടെ നികുതിആനുകൂല്യമാണ്.

എ.പി അബ്ദുള്ളക്കുട്ടി:
നിവൃത്തിയില്ലാതെ ജാഥയിലും മനുഷ്യച്ചങ്ങലകളിലും പങ്കെടുക്കുന്നവർ സി.പി.എമ്മിന് വോട്ട് ചെയ്യില്ല.
വികസനവിരുദ്ധരുടേയും അഴിമതിക്കൊമ്പൻമാരുടെയും കൂടാരമായി സി.പി.എം മാറിക്കഴിഞ്ഞു.

yesterday

സ്മാർട്ട്സിറ്റി യാഥാർത്ഥ്യമാക്കാൻ കഴിയാത്ത ഇടതുസർക്കാർ കേരളത്തിലെ യുവാക്കളെ വഞ്ചിച്ചിരിക്കുകയാണെന്ന കെ.എം മാണിയുടെ നിലപാട് ശരിയോ?

Y	N
71%	29%

കേരളത്തിൽ വർധിക്കുന്ന ചൂട് പരിസ്ഥിതിത്തകർച്ചയുടെ അനന്തരഫലമോ?

sms 'yes/no to' 9946108224

weather

കൂടിയ ചൂട്	- 34ഡി.സെ
കുറഞ്ഞ ചൂട്	-27ഡി.സെ
ഹ്യുമിഡിറ്റി	- 66.5%

ENTERTAINMENT

ഗ്യാംബ്ലർ
അതുല്യ

മൈനെയിംഇൗസ്മൈൻ
ആതിര

വെട്ടാട്ടം
അജന്ത

സി.പി.എം ഉപരോധം ഇന്ന് തീരും

വിലക്കയറ്റത്തിൽ പ്രതിഷേധിച്ച് സി. പി. എം ജി. പി. ഒയ്ക്കു മുന്നിൽ അഞ്ചാം ദിനത്തിൽ നടത്തിയ ഉപരോധസമരം കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

തിരുവനന്തപുരം: വിലക്കയറ്റത്തിനിടയാക്കുന്ന കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ സി.പി.എം നേതൃത്വത്തിൽ നടത്തുന്ന അഞ്ചുനാൾ ഉപരോധം ഇന്ന് സമാപിക്കും. ആയിരക്കണക്കിനു പ്രവർത്തകരാണ് ഇതുവരെ നടന്ന ഉപരോധത്തിൽ പങ്കെടുത്തത്. ഇന്ന് ജി.പി.ഒയ്ക്കു മുന്നിലെ ഉപരോധം സി.പി.എം ജില്ലാ സെക്രട്ടറി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. വഞ്ചിയൂർ, കോവളം ഏരിയയിലെ പ്രവർത്തകരാണ് ഇന്നലെ ഉപരോധത്തിന് എത്തിയത്.
നെയ്യാറ്റിൻകര, ആറ്റിങ്ങൽ, വെഞ്ഞാറമൂട് പോസ്റ്റ് ഓഫീസുകളിലെ ഉപരോധത്തിലും നൂറുക്കണക്കിന് പ്രവർത്തകർ പങ്കെടുത്തു.

ആനിമേഷൻ അക്കാഡമി

കോട്ടയം : കേരളത്തിലെ ആനിമേഷൻ, കാർട്ടൂണിംഗ്, ഗ്രാഫിക് ഡിസൈനിംഗ് മേഖലകളിൽ പ്രവർത്തിക്കുന്ന കലാകാരന്മാർക്കായി കുട്ടായ്മ രൂപീകരിച്ചു. കേരള ആനിമേഷൻ അക്കാഡമി എന്നു നാമകരണം ചെയ്തിരിക്കുന്ന കൂട്ടായ്മയുടെ പ്രഥമ യോഗം കോട്ടയത്തു ചേർന്നു. ഡയറക്ടർ ബോർഡിലേക്ക് ജോയി കുളനട, അഡ്വ. എസ്. ജിതേഷ്, സാംജി കെ. ഉമ്മൻ (ജീവൻ ടിവി), വിനോബ് കാരയ്ക്കാട് (കേരളകൗമുദി), അഡ്വ. ബിജു ചന്ദ്രൻ, റവ. ജോസ് പുനമഠം, ജോഷി ജോർജ് എന്നിവരെ തിരഞ്ഞെടുത്തു. അക്കാഡമി കമ്മ്യൂണിക്കേഷൻ പഠനം, മാധ്യമ സെമിനാർ, മാധ്യമ ബോധനം, തുടങ്ങി നിരവധിപരിപാടികൾ നടത്തും.

കരിമ്പട്ടികയിലായ കമ്പനിയെതിരികെ കൊണ്ടുവരില്ല:ബിവ്റേജസ് കോർപ്പറേഷൻ

flash impact

കണ്ണൂർ: കരിമ്പട്ടികയിലായ മദ്യകമ്പനികൾ കരിമ്പട്ടികയിൽ തന്നെയാണെന്നും അത്തരം സ്ഥാപനങ്ങളെ ഒരിക്കലും തിരിച്ചു കൊണ്ടുവരില്ലെന്നും ബിവ്റേജസ് കോർപ്പറേഷൻ അധികൃതർ അറിയിച്ചു. കർശനമായ ഗുണനിലവാര പരിശോധന നടത്തിയ ശേഷം മാത്രമാണ് കോർപ്പറേഷൻ വിദേശമദ്യം വിതരണം ചെയ്യുന്നത്. നിർദേശിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് പ്രവർത്തിക്കാത്ത സ്ഥാപനങ്ങളുമായി ഒരു തരത്തിലും സഹകരിക്കില്ല.

കരിമ്പട്ടികയിൽപെടുത്തിയവയെ തിരിച്ചു കൊണ്ടുവരാനുള്ള ശ്രമങ്ങളെ ഒരു കാലത്തും കോർപ്പറേഷൻ പ്രോൽസാഹിപ്പിക്കില്ല. അത്തരമൊരു ശ്രമം ആരുടെ ഭാഗത്തു നിന്നുണ്ടായാലും ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും കോർപ്പറേഷൻ വൃത്തങ്ങൾ അറിയിച്ചു. നിലവാരം കുറഞ്ഞ മദ്യം ജീവനക്കാരെ സ്വാധീനിച്ച് വിൽക്കുന്നതിനെ കുറിച്ചു അന്വേഷിക്കുമെന്നും കോർപ്പറേഷൻ അറിയിച്ചു. കരിമ്പട്ടികയിൽ പെടുത്തിയ കമ്പനിയെ തിരിച്ചു കൊണ്ടുവരാൻ നീക്കം നടക്കുന്നതായി 'കേരളകൗമുദി ഫ്ലാഷ്' ഇന്നലെ റിപ്പോർട്ട് ചെയ്തിരുന്നു.

ഉന്നത ഉദ്യോഗസ്ഥന് 25 ലക്ഷം കൈക്
കരിമ്പട്ടികയിലാ
മദ്യകമ്പനി വീണ്ട
ഇ.സി. മോഹൻരാജ്
കണ്ണൂർ: കരിമ്പട്ടികയിൽ
ഇന്നലെ കേരളകൗമുദിഫ്ലാഷ് പ്രസിദ്ധീകരിച്ച റിപ്പോർട്ട്

യശ്വന്തപുരം - കണ്ണൂർ പ്രതിദിന സർവീസാക്കി

ബാംഗ്ളൂർ: ബാംഗ്ളൂരിൽ നിന്ന് കണ്ണൂരിലേക്കുള്ള സുപ്രധാന തീവണ്ടി സർവീസായ യശ്വന്തപുരം - കണ്ണൂർ എക്സ്പ്രസ് പ്രതിദിന സർവീസാക്കി.

ചിട്ടികൾ

ഓഫർ ചിട്ടികൾ ആരംഭിച്ചിരിക്കുന്നു. അഞ്ചാം തവണ നൽകപ്പെടുന്നു.
Thoppil Chits Pvt Ltd.
Ph: 2333343 / 9809629343

നവാബ്

എത്രയും വേഗം തന്നെ കോൺഗ്രസിൽ തിരിച്ചെടുക്കണമെന്ന് മുരളീധരൻ

മോഹങ്ങൾ മരവിച്ചു... .....മനസുമാത്രം മുരടിച്ചില്ല